പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5838

9.7.2012-ൽ
മറുപടിക്ക്

**നെൽവയൽ-നീർത്തട സംരക്ഷണ നിയമം-ഡേറ്റാ ബാങ്ക് തയ്യാറാക്കിയതിലെ അപാകം**

| ചോദ്യം<br>ശ്രീ.കെ.ദാസൻ: | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
|---|---|
| (എ) മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ നെൽവയൽ-നീർത്തട സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ അനധികൃത നിലം തരംമാറ്റത്തിനെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയ കരട് ഡാറ്റാ ബാങ്കിലെ അപാകതകൾ അടിയന്തിരമായി പരിഹരിക്കുന്നതിന് ഓരോ ജില്ലയിലും സ്പെഷ്യൽ ടീം രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നതിൽ ഇതുവരെ ഉണ്ടായിട്ടുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ ; | (ബി) എല്ലാ ജില്ലയിലും ഡാറ്റാ ബാങ്ക് തയ്യാറാക്കൽ പൂർത്തിയായെങ്കിലും ആയവ സംബന്ധിച്ച് നിരവധി പരാതികൾ ഉയർന്ന സാഹചര്യത്തിൽ ഡാറ്റാ ബാങ്ക് പൂർണ്ണമായും കുറ്റമറ്റതാക്കുവാൻ ഓരോ ജില്ലയിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്തി വരുന്നു. |
| (സി) സംസ്ഥാനത്ത് ചില പഞ്ചായത്തുകൾ തയ്യാറാക്കിയ ഡേറ്റാ ബാങ്ക് നിരാകരിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്താമാക്കാമോ ; | (സി& ഡി): ഡാറ്റാ ബാങ്ക് നിരാകരിച്ചിട്ടില്ല. ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള ഡേറ്റാ ബാങ്കിലെ വിശദാംശങ്ങൾ, ഉപഗ്രഹ ചിത്രങ്ങളുമായി പൊരുത്തപ്പെടാത്ത ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ വെളിച്ചത്തിൽ ഡെപ്യൂട്ടി തഹസീൽദാരുടെ നേതൃത്വത്തിൽ പുന:പരിശോധന നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. |
| (ഡി) പ്രസ്തുത ഡേറ്റാ ബാങ്കിൽ സർക്കാർ കണ്ടെത്തിയ അപാകതകൾ എന്തെല്ലാം ; വിശദീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ